വ്യവസായ പുരോഗതിയിൽ പ്രവാസികളുടെ സംരംഭകശേഷിയും തൊഴിൽ വൈദഗ്ധ്യവും

108 (3540)ശ്രീ. സനീഷ്കുമാർ ജോസഫ്:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം മടങ്ങിയെത്തുന്ന പ്രവാസികളുടെ സംരംഭകശേഷിയും തൊഴിൽ വൈദഗ്ധ്യവും സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിക്ക് അനുകൂലമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇതിനായി അവരുടെ വിവര ശേഖരണവും പ്രൊഫൈലിംഗും നടത്തുന്നുണ്ടോ; വിശദമാക്കാമോ;

(സി) പ്രവാസികളുടെ തൊഴിൽ വൈദഗ്ധ്യം അനുസരിച്ച് ബന്ധപ്പെട്ട മേഖലകളിൽ തൊഴിൽ നൽകുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് സർക്കാർ ഒരുക്കിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

(എ-സി) കോവിഡ്മൂലം മടങ്ങിയെത്തുന്ന പ്രവാസികളുടെ സംരംഭക ശേഷിയും തൊഴിൽ വൈദഗ്ധ്യവും കണക്കിലെടുത്ത് നാട്ടിൽ സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻ കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവീസ് മേഖല, നിർമ്മാണ മേഖല എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി ബാങ്കുകളിൽ നിന്നും വായ്പ നൽകിവരുന്നുണ്ട്. പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും ഈ പദ്ധതി മുഖേന ലഭിക്കുന്നു. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനുള്ള സഹായവും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴി ലഭ്യമാക്കുന്നുണ്ട്. കോവിഡ്-19 മഹാമാരിമൂലം നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികൾക്കുകൂടി സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ തൊഴിൽ സാദ്ധ്യത ഉറപ്പു വരുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിയ പദ്ധതിയാണ് വ്യവസായ ഭദ്രത. ഇതിൽ നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കും പ്രത്യേക പ്രാധാന്യം നൽകി ഇളവ് പ്രഖ്യാപിച്ചിരുന്നു. നിലവിലുള്ള സംരംഭക സഹായ പദ്ധതി ഉദാരവൽക്കരിക്കുന്നതിന്റെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയുടെ മാർഗ്ഗരേഖ GO(MS) No.103/2020/ID dated 24-11-2020 ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിൻപ്രകാരം SC/ST, വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% ആയി വർദ്ധിപ്പിച്ചു, ഈ പ്രത്യേക വിഭാഗത്തിലേക്ക് പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെകൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തി നാട്ടിലോ വിദേശത്തോ തൊഴിൽ തേടുന്ന പ്രവാസികളേയും തൊഴിൽ നൽകാൻ സന്നദ്ധരായ ദാതാക്കളേയും പരസ്പരം ബന്ധിപ്പിക്കുന്നതിന് നോർക്ക, സ്കിൽ റിപ്പോസിറ്ററി പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. തൊഴിൽ ദാതാക്കൾക്ക് പ്രസ്തുത പോർട്ടൽ മുഖാന്തരം പ്രവാസികളുടെ തൊഴിൽ വൈദഗ്ധ്യം അനുസരിച്ച് അവർക്കാവശ്യമായ മേഖലകളിൽ തൊഴിൽ ലഭ്യമാക്കാൻ കഴിയും. കൂടാതെ നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികളുടെ വിവര ശേഖരണത്തിനായി വ്യവസായ വാണിജ്യ വകുപ്പ് ഒരു ഓൺലൈൻ പോർട്ടൽ തയ്യാറാക്കുകയും ടി പോർട്ടൽ വഴി ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവർക്കാവശ്യമായ കൈത്താങ്ങ് സഹായവും ചെയ്യുന്നുണ്ട്. മടങ്ങിയെത്തിയ പ്രവാസികളുടെ താത്പര്യങ്ങൾ മനസ്സിലാക്കിയ ശേഷം അവർക്ക് വേണ്ട വകുപ്പുതല സഹായം നൽകുവാൻ ഒരു സമ്പൂർണ വിവര ശേഖരണ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. www.industry.kerala.gov.in എന്ന വെബ്സൈറ്റിലും മടങ്ങിയെത്തുന്ന പ്രവാസികളുടെ സംരംഭക വിവരങ്ങൾ സമർപ്പിക്കുവാനുള്ള സൗകര്യം സജ്ജമാക്കിയിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ വ്യവസായ സംരംഭങ്ങളെ നവീകരിക്കുന്നതിന് നടപടി

109(3541) ശ്രീ തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വ്യവസായ സംരംഭങ്ങളെ കൂടുതൽ തൊഴിൽ ലഭ്യത നൽകുന്ന തരത്തിൽ നവീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ പുതിയ വ്യവസായ പദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

(എ & ബി) ആലപ്പുഴ ജില്ലയിലെ 6 വ്യവസായ വികസന പ്ലോട്ട്/ഏരിയകളിലും മിനി വ്യവസായ എസ്റ്റേറ്റുകളിലും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി അവരുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതുവഴിയും